# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - പഞ്ചായത്ത് ഡയറക്ടറേറ്റിലെ ശിപായി തസ്തികയിൽ നിന്നും 30.04.2000 ന് വിരമിച്ച ശ്രീ. കെ.ആർ മാധവൻപിള്ളയുടെ 01.05.2000 മുതൽ 10.05.2008 വരെയുള്ള പെൻഷൻ കുടിശിക അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ)നം.1371/2013/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം,25.05.2013.**

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 25/09/2010,04/02/2012 ലെ എച്ച്1-8060/08 നമ്പർ കത്ത്.

2) പഞ്ചായത്ത് ഡയറക്ടറുടെ 29/04/2009 ലെ ഡി6-30707/06-ാം നമ്പർ ഉത്തരവ്.

3) അക്കൗണ്ടന്റ് ജനറലിന്റെ 06/09/2010 ലെ പി5/4/1010082438/514 നമ്പർ കത്ത്.

4) പഞ്ചായത്ത് ഡയറക്ടറുടെ 01/04/2013 തീയതിയിലെ എച്ച്1-8060/08 -ാം നമ്പർ കത്തും പെൻഷൻ കുടിശിക സ്റ്റേറ്റ്മെന്റും.

## ഉത്തരവ്

പഞ്ചായത്ത് ഡയറക്ടറേറ്റിൽ ശിപായി തസ്തികയിൽ നിന്നും 30.04.2000 ന് വിരമിച്ച ശ്രീ. കെ.ആർ മാധവൻപിള്ള റാന്നി ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിൽ സേവനമനുഷ്ഠിച്ചിരുന്നപ്പോൾ സസ്പെൻഷനിലായ 04.01.1984 മുതൽ 13.11.1984 വരെയുള്ള കാലയളവും, പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഓഫീസിൽ സേവനമനുഷ്ഠിച്ചിരുന്നപ്പോൾ സസ്പെൻഷനിലായ 16.09.1988 മുതൽ 12.06.1989 വരെയുള്ള കാലയളവും പരാമർശ 2 പ്രകാരം ക്രമവൽക്കരിച്ച് ഉത്തരവായിരുന്നു.

എന്നാൽ 16.09.1985 ലെ സഉ(പി) നമ്പർ 515/85/ധന പ്രകാരം ശമ്പള പരിഷ്കരണം നടത്തിയതിന് ശേഷം ടിയാന്റെ ശമ്പളനിർണ്ണയം നടത്തിയിട്ടില്ലാതിരുന്നതിനാൽ മുൻപുള്ള ശമ്പള പരിഷ്കരണ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ടിയാന്റെ ശരാശരി വേതനം തിട്ടപ്പെടുത്തി അക്കൗണ്ടന്റ് ജനറലിന് അയച്ചുകൊടുത്തത് പരാമർശം (3) പ്രകാരം അംഗീകരിക്കപ്പെട്ടിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എന്നാൽ ശ്രീ. മാധവൻപിള്ളയുടെ 01.05.2000 മുതൽ 10.05.2008 വരെയുള്ള പെൻഷൻ കുടിശിക

അനുവദിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമാണെന്ന് പരാമർശം (3) പ്രകാരം അക്കൗണ്ടന്റ് ജനറൽ അറിയിച്ചിട്ടുള്ളതിനാൽ അനുമതി നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ശ്രീ.കെ.ആർ. മാധവൻപിള്ള യുടെ 01.05.2000 മുതൽ 10.05.2008 വരെയുള്ള പെൻഷൻ കുടിശിക 1,74,950/- രൂപയും ഡിയർനസ്സ് റിലീഫ് 61,391.50 /- രൂപയും ആണെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറേറ്റിൽ ശിപായി തസ്തികയിൽ നിന്നും 30.04.2000 ന് വിരമിച്ച ശ്രീ.കെ.ആർ മാധവൻപിള്ളയ്ക്ക് 01.05.2000 മുതൽ 10.05.2008 വരെയുള്ള പെൻഷൻ ആനുകൂല്യ തുകയായ 2,36,341/- രൂപ (രൂപ രണ്ട് ലക്ഷത്തി മുപ്പത്തിആറായിരത്തി മുന്നൂറ്റി നാൽപ്പത്തി ഒന്ന് മാത്രം) (പെൻഷൻ കുടിശിക 1,74,950 + ഡിയർനസ് റിലീഫ് 61,391/-) നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**സെൽവരാജൻ.എൽ**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ ഓഡിറ്റ്) കേരള , തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (LBA&A) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീമതി.ഭവാനിയമ്മ, എം.ജി. സദനം, പുനുക്കന്നൂർ, ആലുംമൂട് പി.ഒ, കൊല്ലം-691571ഭ
ധനകാര്യ വകുപ്പ് (76195/ഡെവ1/12/ധന തീയതി 10/10/2012 പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

എക്സിക്യൂട്ടീവ് ഡയറക്ടർ (IKM) (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)